പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 298

22/06/2012-ൽ മറുപടിക്ക്

## കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് വിപണി

**ചോദ്യം**

ശ്രീ. ബെന്നി ബെഹനാൻ
,, പി.സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്
,, കെ. അച്ചുതൻ

(എ) കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ ഏതെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്;

**ഉത്തരം**

**ഡോ. എം. കെ. മുനീർ**

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

(എ) കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ ചുവടെ ചേർത്തിട്ടുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്:

വിപണന ശൃംഖല രൂപപ്പെടുത്തുന്നതിന്റെ ആദ്യപടിയെന്നോണം ദിവസച്ചന്ത, ആഴ്ചച്ചന്ത, മാസ ചന്ത, ഓണ ചന്ത, മറ്റു ഉൽസവാനുബന്ധ ചന്തകൾ, ദേശീയ - അന്തർദേശീയ ഫെയറുകൾ, സർക്കാർ, മറ്റ് ഇതര വകുപ്പുകൾ സംഘടിപ്പിക്കുന്ന ഫെയറുകൾ എന്നിവയിൽ കുടുംബശ്രീ പങ്കെടുക്കാറുണ്ട്. എല്ലാ വർഷവും ഇൻഡ്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ കുടുംബശ്രീ സംരംഭകരുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും നടത്താറുണ്ട്. കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വേണ്ടി കമ്മ്യൂണിറ്റി മാർക്കറ്റിങ്ങ് നെറ്റ് വർക്ക് (ഹോം ഷോപ്പ്) എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. ചന്തകളുടെ സംഘാടനത്തിനും സുഗമമായ നടത്തിപ്പിനും ഇവന്റ്. മാനേജ്മെന്റ് ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ മൈക്രോ സംരംഭക കൺസൾട്ടന്റുമാരുടെ സേവനവും പ്രയോജനപ്പെടുത്തി വരുന്നു

| | |
|---|---|
| (ബി) സംസ്ഥാനത്തിനുപുറത്ത് ദേശീയ വിപണന ശൃംഖല ഉണ്ടാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | (ബി) നിലവിൽ ഇത്തരം പദ്ധതി പരിഗണനയിൽ ഇല്ല. |
| (സി) ഇതിന് ദേശീയ ഗ്രാമീണ ഉപജീവനമിഷന്റെ സഹായം അഭ്യർത്ഥിക്കുന്നകാര്യം പരിഗണിക്കുമോ;<br>(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) & (ഡി) ദേശീയ ഉപജീവന മിഷന് സമർപ്പിച്ചിട്ടുള്ള പദ്ധതിയിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് വിപണന ശൃംഖല സൃഷ്ടിക്കുന്നതിനായി കമ്മ്യൂണിറ്റി മാർക്കറ്റിങ്ങ് നെറ്റ് വർക്ക്, നേച്ചർ ഫ്രെഷ് മാർക്കറ്റിങ്ങ്, മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട മാർക്കറ്റിങ്ങ് പ്രവർത്തനങ്ങൾ, പ്രാദേശിക വിപണന ശൃംഖല, മാസചന്തകൾ, ഉത്സവ മേളകൾ, റീറ്റെയിൽ ഷോപ്പ്, വിതരണ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങളുമായി വിപണന ബന്ധം, ഫെയർ ട്രേഡ്, ഇ-കൊമേഴ്സ് എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ